# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2242 06.02.2019-ൽ മറുപടിക്ക്

## <u>വണ്ടൂർ കച്ചേരി പൈതൃക മ്യൂസിയം</u>

**<u>ചോദ്യം</u>**

ശ്രീ.പി.കെ.അബ്ദു റബ്ബ്

**<u>ഉത്തരം</u>**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ വണ്ടൂർ കച്ചേരി പൈതൃക മ്യൂസിയം നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ; | (എ), (ബി) & (സി) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ ഹജൂർ കച്ചേരി പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിലേക്കായി 05.08.15-ലെ ജി.ഒ.(ആർ.റ്റി) നം-392/2015/സി.എ.ഡി ഉത്തരവിൻ പ്രകാരം 4,00,00,000/- (നാല് കോടി രൂപാ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മ്യൂസിയം സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുവരുന്നതിനാൽ മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. തിരൂരങ്ങാടി താലൂക്ക് ഓഫീസ്, സംരക്ഷിത സ്മാരകത്തിൽ നിന്നും ഒഴിപ്പിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർ, തിരൂരങ്ങാടി തഹസീർദാർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. തിരൂരങ്ങാടി താലൂക്ക് ഓഫീസ് മിനി സിവിൽസ്റ്റേഷനിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും മിനി സിവിൽ സ്റ്റേഷനിൽ താലൂക്ക് ഓഫീസിനാവശ്യമായ യാതൊരു സൗകര്യങ്ങളും ഇല്ലാത്തതു കൊണ്ടാണ് പെട്ടെന്ന് ഓഫീസ് മാറാൻ സാധിക്കാത്തതെന്നും തിരൂരങ്ങാടി തഹസീൽദാർ അറിയിച്ചിട്ടുണ്ട്. താലൂക്ക് ഓഫീസ് കെട്ടിടം ഒഴിയുന്ന മുറയ്ക്ക്, പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിച്ച് ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ തുക വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | വർഷങ്ങളായിട്ടും താലൂക്ക് ഓഫീസ് വണ്ടൂർ കച്ചേരിയിൽ നിന്നും പുതുതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് മാറ്റി നൽകാത്തത് മൂലം പൈതൃക മ്യൂസിയം നിർമാണത്തിന് നേരിടുന്ന തടസ്സവും അതിന് അനുവദിച്ച തുക നഷ്ടപ്പെടുന്ന സാഹചര്യവും ശ്രദ്ധിച്ചിട്ടുണ്ടോ; | | |
| (സി) | ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ